**മധുരമായ കുട്ടികളേ - നിങ്ങൾ ഇപ്പോൾ പൂജാരിയിൽ നിന്നും പൂജ്യനും, യാചകനിൽ നിന്നും രാജകുമാരനുമായിത്തീരുകയാണ്, അതുകൊണ്ട് നിങ്ങൾക്ക് സന്തോഷം കൊണ്ട് തുള്ളിച്ചാടണം. ഒരിക്കലും കരയരുത്.**

**ചോദ്യം:-** അവിനാശി ജ്ഞാനരത്നങ്ങളുടെ മഴയിലൂടെ ഭാരതത്തെ ധനവാനാക്കിമാറ്റുന്നതിനു വേണ്ടി ബാബ നിങ്ങളെ ഏതൊരു കാര്യത്തിലാണ് തനിക്കു സമാനമാക്കി മാറ്റുന്നത്?
**ഉത്തരം:-** ബാബ പറയുന്നു - കുട്ടികളേ, എങ്ങനെയാണോ ഞാൻ രൂപ് ബസന്ത്, അതുപോലെ നിങ്ങളെയും രൂപ് ബസന്താക്കി മാറ്റുന്നു. എന്ത് അവിനാശി ജ്ഞാനരത്നങ്ങളാണോ നിങ്ങൾക്ക് ലഭിക്കുന്നത്, അതിനെ ധാരണ ചെയ്ത് വായിലൂടെ ദാനം ചെയ്യൂ. ഈ മഹാദാനത്തിലൂടെയാണ് ഭാരതം ധനവാനായിത്തീരുന്നത്. എങ്ങനെയാണോ നിങ്ങൾ കുട്ടികൾ ബാബയിൽ നിന്നും സമ്പത്ത് നേടുന്നത് അതുപോലെ മറ്റുള്ളവർക്കും നൽകൂ. നിങ്ങളുടെ കടമയാണ് എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കുക, എല്ലാവരെയും സുഖദായിയാക്കി മാറ്റുക എന്നുള്ളത്.

**ഗീതം:-** നീതിയുടെ പാതയിലൂടെ......

**ഓം ശാന്തി**. ഈ ഗീതം കോൺഗ്രസ്സുകാർക്കുള്ളതുമാണ്, അതേപോലെ നിങ്ങൾ കുട്ടികൾക്കുമുള്ളതാണ്. കാരണം അവരും ധാരാളം സഹിച്ച് ബ്രിട്ടീഷുകാരിൽ നിന്നും ഭാരതത്തെ മുക്തമാക്കിയില്ലേ. അപ്പോൾ ഈ ഗീതം അവരുടെ സന്തോഷത്തിന്റെ പാട്ടാണ്. ഇവിടെ സന്തോഷം ആഘോഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ എത്ര തന്നെ ചെയ്തിട്ടും ഈ പഴയലോകം പരിവർത്തനപ്പെട്ടില്ലല്ലോ. ലോകം പഴയതുതന്നെയാണ്. നിങ്ങൾ കുട്ടികൾക്ക് അറിയാം ശ്രീമതത്തിലൂടെ നമ്മൾ ഈ ലോകത്തെ പരിവർത്തനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മറ്റുള്ളവരുടേത് ശ്രീമതം എന്ന് പറയില്ല. ശ്രീമതം ഒരേയൊരു ഭഗവാന്റേതാണ്. നിങ്ങൾ ഇപ്പോൾ ബാബയുടെ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ ശ്രീമതത്തിലാണ്. അവർ പിന്നെ ശ്രീകൃഷ്ണന്റെ പേരിട്ടു. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി അത് ശ്രേഷ്ഠമായ ശിവബാബയുടെ മതമാണെന്ന്. കൃഷ്ണനെ അച്ഛൻ എന്ന് പറയുന്നത് ശോഭനീയമല്ല. ശ്രീ ശിവബാബയുടെ മതമാണ്. ശ്രീകൃഷ്ണ ബാബയുടെ മതമെന്ന് ഒരിക്കലും പറയില്ല. അപ്പോൾ ഈ ഭാരതത്തെ വീണ്ടും പവിത്രമാക്കുകയാണ്. ഭാരതഖണ്ഡമാണ് മുഖ്യം. കാരണം ഇത് പരിധിയില്ലാത്ത അച്ഛന്റെ ജന്മസ്ഥലമാണ്. മുഴുവൻ ലോകത്തിലെയും മനുഷ്യാത്മാക്കളുടെ അച്ഛനാണ്, അതായത് സർവ്വരുടെയും സദ്ഗതിദാതാവാണ്. ബാബയുടെ ജന്മസ്ഥലമാണ്. ഇതിനെ സർവ്വോത്തമ തീർത്ഥ സ്ഥലമെന്നും പറയുന്നുണ്ട്. ഇതുപോലെ ഉയർന്നതിലും ഉയർന്ന തീർത്ഥസ്ഥാനം വേറെയില്ല. പക്ഷേ ഗീതയിൽ പേര് മാറ്റിയിട്ടു. ഭാരതവാസികൾക്ക് സ്വയം അറിയുന്നില്ല ഭാരതം പരിധിയില്ലാത്ത അച്ഛന്റെ ജന്മസ്ഥാനമാണെന്ന്. ശിവരാത്രി ആഘോഷിക്കുന്നുണ്ടെങ്കിലും ശിവൻ ആരാണെന്ന് അറിയുന്നില്ല. എപ്പോൾ വന്നു? അവരുടെ പേരും രൂപവും എന്താണ്? ഇതെല്ലാം തന്നെ നിങ്ങൾ അറിഞ്ഞു കഴിഞ്ഞു. ശിവലിംഗത്തിന്റെ ചിത്രത്തിൽ വെളുത്ത നക്ഷത്രത്തെ വെച്ചിട്ടുണ്ട്. ഇതിലൂടെ മനുഷ്യൻ വ്യക്തമായി മനസ്സിലാക്കണം ഇത് പരമാത്മാവിന്റെ രൂപമാണെന്ന്. പക്ഷേ പൂജയും മറ്റും എങ്ങനെ ചെയ്യാൻ സാധിക്കും, അതുകൊണ്ടാണ് ലിംഗത്തെ ഉണ്ടാക്കിയത്. വാസ്തവത്തിൽ നക്ഷത്രമാണ്. ബാബ വജ്രവ്യാപാരിയുമാണ്. ബാബയ്ക്ക് അറിയാം ഒരു കല്ലുണ്ട്, അതിനെ സ്റ്റാർ റൂബി, സ്റ്റാർ മാണിക്യം, സ്റ്റാർ നീലം എന്നെല്ലാം പറയും. അതെല്ലാം തന്നെ വളരെ വിലപ്പെട്ടതാണ്. പത്രത്തിലുണ്ടായിരുന്നു, ഏറ്റവും വലിയ വജ്രം ഇന്ന ഖജനാവിൽ നിന്നും മോഷ്ടിക്കപ്പെട്ടു. ഈ ശിവലിംഗം ചുവന്നതാണെങ്കിലും ഇതിന്റെ മദ്ധ്യത്തിൽ വെളുത്ത നക്ഷത്രമാണ്, സ്റ്റാർലൈറ്റ്. മനസ്സിലാക്കുന്നതിൽ വളരെ സഹജമാണ്. നക്ഷത്രം വെളുത്തതാണ്. ആത്മാവിനെ വെളുത്തതായിത്തന്നെയാണ് സാക്ഷാത്കാരമുണ്ടാകുന്നത്. വസ്തു ഇതുതന്നെയാണ്. കേവലം നക്ഷത്രം വെക്കണം. മറ്റൊന്നും തന്നെ എഴുതേണ്ടതായ ആവശ്യമില്ല. മനസ്സിലാക്കാൻ എളുപ്പമായിരിക്കും. താഴെ ഇത് എഴുതിയിരിക്കണം - താങ്കളുടെ ജന്മസിദ്ധ അധികാരമായ സ്വർഗ്ഗത്തിന്റെ രാജ്യപദവിയാണ്, കാരണം സ്വർഗ്ഗത്തെ സ്ഥാപിക്കുന്ന പിതാവാണ്. അപ്പോൾ പ്രകാശ നക്ഷത്രത്തെ തന്നെ വെക്കണം. ഇപ്പോൾ ബാബ നിർദ്ദേശം നൽകുന്നു, പെട്ടെന്നു തന്നെ കാര്യത്തിലേക്കു കൊണ്ടുവരണം. ഒരു കല്ലുണ്ട് അതിൽ നക്ഷത്രം വളരെ ഫസ്റ്റ് ക്ലാസ്സായി കാണപ്പെടും. ഇവിടെ അതിന് വളരെയധികം വിലയാണ്. പിന്നീട് സത്യയുഗത്തിൽ ഈ വസ്തുക്കൾക്ക് വിലയുണ്ടാവില്ല. അവിടെ ഈ വജ്രങ്ങളും വൈഡൂര്യങ്ങളും കല്ലുകളെപ്പോലെയായിരിക്കും, കൊട്ടാരങ്ങളിലെല്ലാം തന്നെ പതിക്കും. ഈ ലോകം ഇപ്പോൾ പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരാൻ ഇപ്പോൾ ബാബയിൽ നിന്നും സമ്പത്ത് നേടി

ക്കൊണ്ടിരിക്കുകയാണ്. പഠിച്ചുകൊണ്ടിരിക്കുകയാണ്. ആര് എത്രത്തോളം പഠിക്കുന്നുവോ അത്രയ്ക്കും അവർക്ക് ഉയർന്ന പദവി ലഭിക്കും. പഠിക്കണം, പഠിപ്പിക്കണം, തനിക്കുസമാനമാക്കി മാറ്റണം, എന്നാൽ മാത്രമേ ഉയർന്ന പദവി ലഭിയ്ക്കൂ. കുട്ടികൾ മനസ്സിലാക്കുന്നു നമ്മൾ ബ്രാഹ്മണരാണ്, നമുക്ക് സത്യമായ യാത്ര പഠിപ്പിക്കണം. ഓരോരുത്തർക്കും ബാബയുടെ പരിചയം നൽകണം. ഒരു മനുഷ്യർക്കും ബാബ ആരാണെന്ന് അറിയില്ല. ബാബ ഒന്നു മാത്രമാണ്, ബാക്കിയെല്ലാവർക്കും അവരവരുടെ പാർട്ട് ലഭിച്ചിട്ടുണ്ട്. ഒരാളുടെ പാർട്ട് ഒരിക്കലും മറ്റാളുമായി താരതമ്യപ്പെടുത്താൻ സാധിക്കില്ല. ആത്മാവ് അവിനാശിയാണ്, അതിന്റെ രൂപത്തിന് ഒരിക്കലും വ്യത്യാസമുണ്ടാവില്ല. ശരീരത്തിനും വ്യത്യാസമുണ്ട്, ഓരോ ആത്മാവിന്റെ പാർട്ടിനും വ്യത്യാസമുണ്ട്. പ്രകാശ നക്ഷത്രമായ ആത്മാവിൽ അവിനാശി പാർട്ടുണ്ട്. ഒരിക്കലും നശിക്കാത്ത പാർട്ടാണ്. ഈ കാര്യങ്ങളെല്ലാം തന്നെ നിങ്ങൾക്കു മാത്രമേ അറിയൂ, അതും നമ്പർവൈസായ പുരുഷാർത്ഥമനുസരിച്ച്. ആത്മാവിനെക്കുറിച്ച് പാടാറുണ്ട് ഭൃകുടി മദ്ധ്യത്തിൽ തിളങ്ങുന്ന അദ്ഭുത നക്ഷത്രമെന്ന്. അദ്ഭുതം തന്നെയല്ലേ കാരണം, എത്ര ചെറിയ നക്ഷത്രമാണ്, അതിലും 84 ജന്മത്തിന്റെ പാർട്ട് അടങ്ങിയിട്ടുണ്ട്. ഈ കാര്യങ്ങളെല്ലാം തന്നെ കേട്ടാൽ നിങ്ങൾക്ക് വളരെ ആദരവ് നൽകും. തീർച്ചയായും ഇവരെ പഠിപ്പിക്കുന്നത് പരമാത്മാവെന്നു മനസ്സിലാക്കും. നിങ്ങൾക്ക് എല്ലാവരെയും പഠിപ്പിക്കണം. ക്രിസ്ത്യാനികൾക്ക് ഇംഗ്ലീഷു മാത്രമേ അറിയൂ എങ്കിലും നിങ്ങൾ ഹിന്ദിയിൽ പറയൂ, പരിഭാഷി ഈംഗ്ലീഷിലേക്കു തർജ്ജമ ചെയ്തു കേൾപ്പിക്കും. അവരോടൊപ്പം പരിഭാഷി ഉണ്ടായിരിക്കും. ബാബയുടെ പരിചയം നൽകണം. എങ്ങനെയാണോ ബാബ ദു:ഖത്തെ ഹരിച്ച് സുഖം മാത്രം നൽകുന്നത്. അതേപോലെ നിങ്ങൾ കുട്ടികൾക്കുമായിത്തീരണം. ഓരോരുത്തർക്കും വഴി പറഞ്ഞു കൊടുക്കണം. മറ്റുള്ളവരെ സുഖദായിയാക്കി മാറ്റണം – ഇത് നിങ്ങൾ കുട്ടികളുടെ കടമയാണ്. നിങ്ങൾ സ്വയം ബാബയിൽ നിന്നും ഇത്രയ്ക്കും സമ്പത്ത് നേടുകയാണ്, ഇത് മറ്റുള്ളവർക്കു കൂടി നൽകണം. ഇതാണ് മഹാദാനം. ഈ ഓരോരോ മഹാവാക്യങ്ങളും ലക്ഷക്കണക്കിനു രൂപ വിലയുള്ളതാണ്. ശാസ്ത്രങ്ങളിലെ വാക്കുകൾ ലക്ഷക്കണക്കിനു രൂപ വിലയുള്ളതാണെങ്കിൽ ഒരിക്കലും ഭാരതം ഇത്രയ്ക്കും അധ:പതിക്കില്ലായിരുന്നു.

അപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം, ബാബയുടെ പരിചയം നൽകണം. ബാബ പരമമായ ആത്മാവാണ്. രൂപ്ബസന്താണ്. പക്ഷേ അവിനാശി ജ്ഞാനരത്നങ്ങളുടെ മഴ എങ്ങനെ പെയ്യിക്കും? തീർച്ചയായും ശരീരം ആവശ്യമാണ്. അപ്പോൾ ബാബ വന്ന് നിങ്ങൾ കുട്ടികളെ അതായത് നിങ്ങളുടെ ആത്മാക്കളെ രൂപ്ബസന്താക്കി മാറ്റുകയാണ്. അവിനാശി ജ്ഞാനരത്നങ്ങളെ ധാരണ ചെയ്യണം. വായിലൂടെ ഈ ജ്ഞാനത്തെ ദാനം ചെയ്യണം. ഈ രത്നങ്ങൾ വിലമതിക്കാനാവാത്തതാണ്. അതിനുമേലും ഒരു കഥയുണ്ട്. അപ്പോൾ ഇത് ധാരണ ചെയ്യണം. പറയാറുണ്ടല്ലോ ഭോലാനാഥനായ ശിവബാബാ സഞ്ചി നിറച്ചുതരൂ. ഈ അവിനാശി ജ്ഞാനരത്നങ്ങളുടെ സഞ്ചി നിറയ്ക്കണം. പിന്നീട് അവിടെ നിങ്ങൾക്ക് വജ്രങ്ങളുടെയും വൈഢൂര്യങ്ങളുടെയും കൊട്ടാരമുണ്ടാവും. അതുകൊണ്ട് ഇത് ഓരോരുത്തർക്കും മനസ്സിലാക്കി കൊടുക്കണം. എവിടെയാണോ ബാബ വസിക്കുന്നത്, അവിടെയാണ് നിർവ്വാണ ധാമം അഥവാ മുക്തിധാമം. ബുദ്ധനെക്കുറിച്ച് പറയാറുണ്ട് നിർവ്വാണധാമം പൂകിയെന്ന്. അപ്പോൾ അവിടെയാണ് എല്ലാവരുടെയും വീട്. അത് അച്ഛന്റെയും വീടാണ്. ബാബ ഇപ്പോൾ എല്ലാവരെയും കൊണ്ടുപോകാനായി വന്നിരിക്കുകയാണ്. അളവറ്റ ധനം നൽകുകയാണ്. അപ്പോൾ ബാബയുടെ പരിചയം നിങ്ങളല്ലാതെ മറ്റാരു നൽകാനാണ്. ബാബ പറയുന്നു ഇതെല്ലാം തന്നെ ദേഹത്തിന്റെ ധർമ്മങ്ങളാണ്, ഞാൻ ക്രിസ്ത്യനാണ്, ഇന്നയാളാണ്... ഇതെല്ലാം തന്നെ ഉപേക്ഷിച്ച് എന്നെ ഓർമ്മിക്കൂ. ഇവരെയാണ് നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ ഓർമ്മിച്ചുവന്നത്. ഇങ്ങനെ പറയാറുണ്ട് അന്ത് മതി സ്വഗതി എന്ന്. ഗ്രന്ഥത്തിലുണ്ടല്ലോ അന്തിമസമയത്ത് ആരാണോ പത്നിയെ സ്മരിച്ചത്...... ഒരിക്കലും പട്ടിയോ പൂച്ചയോ ആകുന്നില്ല. എന്നാലും ജന്മം ലഭിക്കുമല്ലോ. ഇവിടെ ബാബ പറയുന്നു ദേഹിഅഭിമാനിയായിത്തീർന്ന് എന്നെ ഓർമ്മിക്കൂ. നിങ്ങൾ ബാബയേയും വീടിനെയും മറന്നുപോയി. ഇപ്പോൾ നാടകം പൂർത്തിയായി, ഇനി വീണ്ടും ആവർത്തിക്കണം. ഇസ്ലാമി, ബൗദ്ധി, ക്രിസ്ത്യാനി എല്ലാവരും തന്റെ പാർട്ട് ആവർത്തിച്ചു വന്നിരിക്കുകയാണ്. ഈ ഡ്രാമ അനേക തവണ ആവർത്തിച്ചിരിക്കുകയാണ്. ഇതിന് ആദിയുമില്ല, അന്ത്യവുമില്ല. ഡ്രാമയ്ക്ക് തുടക്കവും അവസാനവും ഉണ്ടെങ്കിലും പക്ഷേ സ്വാഭാവികവമായും അത് ആവർത്തിച്ചുകൊണ്ടിരിക്കും. ഈ കാര്യങ്ങളെല്ലാം തന്നെ ആർക്കാണോ മനസ്സിലായത് അവർക്ക് മനസ്സിലാക്കി കൊടുക്കണം, വന്ന് ബാബയെ മനസ്സിലാക്കൂ എന്ന്. ബാബയെ മനസ്സിലാക്കാത്തതുകൊണ്ട് മനുഷ്യർ അനാഥരായിത്തീർന്നു. ഇപ്പോൾ പോപ്പ് യുദ്ധം നിർത്തൂ എന്നു പറയുകയാണെങ്കിൽ ആരും തന്നെ അംഗീകരിക്കാൻ പോകുന്നില്ല. ക്രിസ്ത്യാനികളുടെ ഏറ്റവും ഉയർന്ന ആളാണ് പോപ്പ്. എല്ലാവരുടെയും ഗുരുവാണ്. പിന്നെ എന്തുകൊണ്ട് ഗുരുവിന്റെ മതമനുസരിച്ച് നടക്കുന്നില്ല? ഇവർ ആരുടെയും വാക്കുകൾ അംഗീകരിക്കുന്നവരല്ല. ബാബ തന്നെ വന്ന് നിർദ്ദേശം നൽകുന്നു എങ്കിൽ എല്ലാവർക്കും മനസ്സിലാക്കി കൊടുക്കണം. പതുക്കെ പതുക്കെ എല്ലാ ധർമ്മത്തിലുള്ളവരും മനസ്സിലാക്കും. ആദ്യം നിങ്ങൾ സിന്ധിക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ, ഇപ്പോൾ

എല്ലാവരും വരാൻ തുടങ്ങി. ക്രിസ്ത്യാനികൾക്കും ബാബയുടെ പരിചയം നൽകണം. ഇതിലൂടെ അവരും ബാബയുടെ സമ്പത്ത് നേടാനുള്ള അവകാശികളായിത്തീരണം. ഇതിൽ ഒരിക്കലും ക്ഷീണിക്കരുത്. ചിത്ര പ്രദർശനമെല്ലാം തന്നെ വളരെ ശക്തമായിത്തന്നെ പോകണം. സേവാധാരികുട്ടികളുടെമേൽ സേവനത്തിന്റെ വളരെ വലിയ ഉത്തരവാദിത്തമുണ്ട്. അവരുടെ സ്ഥാനം ഹൃദയത്തിലായിരിക്കും, പിന്നീട് സിംഹാസനത്തിൽ ഇരിക്കും. മഹാദാനിയായിത്തീരണം, ബാബയെ ഓർമ്മിക്കണം. മറ്റുള്ളവർ അടുത്ത ജന്മത്തേക്ക് ഇൻഷ്വർ ചെയ്യുന്നവരാണ്. ഈശ്വരാർത്ഥം അഥവാ കൃഷ്ണാർത്ഥം ദാനം ചെയ്യുന്നവരാണ്. വാസ്തവത്തിൽ കൃഷ്ണൻ ധനവാനാണ്. കൃഷ്ണനിൽ നിന്നും ദാനം സ്വീകരിക്കുകയാണ് ചെയ്യുക, ബാബയിൽ നിന്നും സമ്പത്ത് നേടിയവരാണ്. സ്വർഗ്ഗത്തിന്റെ രാജകുമാരനായി എങ്കിൽ, സ്വർഗ്ഗത്തെ സ്ഥാപിക്കുന്ന ആളിൽ നിന്നും സമ്പത്ത് നേടണമല്ലോ. പക്ഷേ എങ്ങനെ നേടി? ഇത് ആരുടെ ബുദ്ധിയിലും ഇരിക്കുന്നില്ല. ബാബ തന്നെയാണ് കൃഷ്ണനും സമ്പത്ത് നൽകിയത്. ഈ സമ്പത്തിനെത്തന്നെയാണ് ദാനം എന്നും പറയുന്നത്. കന്യാദാനം ചെയ്യുന്നില്ലേ. ഇപ്പോൾ ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് അവിനാശി ജ്ഞാനരത്നങ്ങളുടെ ദാനം ചെയ്യാനായി വന്നിരിക്കുന്നു, ഇതിനുവേണ്ടി തയ്യാറെടുക്കേണ്ടതായിവരും. ഇതിനുവേണ്ടി ചിലവുചെയ്താലും കുഴപ്പമില്ല. ഇവിടെ കുട്ടികൾക്ക് സാക്ഷാത്കാരം ലഭിച്ചല്ലോ. ഇബ്രാഹിം, ബുദ്ധൻ, ക്രിസ്തു ഇവരെല്ലാവരും അന്തിമ സമയത്ത് വരും. തീർച്ചയായും കേട്ടാൽ മാത്രമല്ലേ പദവി നേടൂ. കുട്ടികൾക്ക് സന്തോഷം ഉണ്ടായിരിക്കണം. ക്രിസ്ത്യാനികൾക്ക് ഭാരതവുമായി നല്ല സംബന്ധമുണ്ട്. ഇവിടെ നിന്ന് രാജ്യപദവി നേടി പിന്നീട് റിട്ടേൺ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അവർക്ക് ഭാരതത്തിനെ വളരെയധികം സംരക്ഷിക്കേണ്ടതായുണ്ട്. അഥവാ ഭാരതത്തിനുമേൽ ആരെങ്കിലും ആക്രമിക്കുകയാണെങ്കിൽ എല്ലാ ധനവും നഷ്ടപ്പെടും. അവരുടെ പണം ധാരാളം ചെലവാക്കിയിട്ടുണ്ട്. എല്ലാ സമ്പത്തും നഷ്ടപ്പെട്ടുപോകും, അതുകൊണ്ട് അവർ ഭാരതത്തിനെ സംരക്ഷിക്കാൻ പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്. ഇവർക്ക് സഹായവും ആവശ്യമാണ്, അതേപോലെ തിരികെ അവർക്ക് പ്രതിഫലവും വേണം. ബാബയ്ക്ക് അറിയാം ഭാരതം ദരിദ്രമാണ് അതുകൊണ്ട് അവിടെ നിന്നും സഹായം ചെയ്യിപ്പിക്കുകയാണ്. അതേപോലെ സ്വയവും വന്ന് സഹായം ചെയ്യുന്നു. ഇപ്പോൾ അവർ വന്ന് സഹായിക്കുന്നു, ബാബ പിന്നീട് ഭാവിയിലേക്ക് സഹായിക്കുന്നു. അപ്പോൾ വളരെ വലിയ ഒരു മണ്ഢപം തയ്യാറാക്കി അവിടെ ക്രിസ്ത്യാനികളെ വിളിപ്പിക്കണം. എത്ര നല്ല നല്ല ചിത്രങ്ങളാണ്, ഇതിൽ മുഴുവനും ജ്ഞാനമുണ്ട്. ഓരോ ദിവസവും ബുദ്ധിയുടെ പൂട്ട് തുറക്കപ്പെടും.

നിങ്ങൾക്ക് അറിയാം ചെറിയ ആത്മാവിൽ എത്ര വലിയ പാർട്ട് ആണ് അടങ്ങിയിട്ടുള്ളത്. ശാസ്ത്രജ്ഞർ പോലും ഈ കാര്യത്തിനുമേൽ അത്ഭുതപ്പെടും. ശാസ്ത്രജ്ഞർ പോലും മനസ്സിലാക്കുന്നു ആരോ ഞങ്ങളെ പ്രേരിപ്പിക്കുന്നുണ്ടെന്ന്. വിനാശം തീർച്ചയായും ഉണ്ടാവുക തന്നെ വേണം. ഇത് ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ശങ്കരന്റെ കാര്യമല്ല, ഇത് നിമിത്തമായി പേര് വെച്ചതാണ്. പ്രകൃതി ക്ഷോഭവും സംഭവിക്കുക തന്നെ വേണം. ഈ കാര്യങ്ങളെല്ലാം തന്നെ കേൾക്കുമ്പോൾ അവർക്ക് വളരെയധികം സന്തോഷം തോന്നും നിങ്ങൾക്കും വളരെ നന്ദി രേഖപ്പെടുത്തും. വളരെയധികം വിദേശികൾ വരും. വീട്ടിൽ ഇരിക്കെ വരുകയാണെങ്കിൽ തീർച്ചയായും ദാനം ചെയ്യണം. എല്ലാവരും ഈ സമയത്ത് അനാഥരാണ്, കളങ്കിതരാണ്. മുഴുവൻ ലോകത്തിലുള്ളവരും അനാഥരാണ്. കാരണം മാതാപിതാവിന്റെ പരിചയമില്ല. ഇപ്പോൾ നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിത്തീരുന്നു. കുട്ടികൾക്ക് സേവനത്തിന്റെയും ലഹരിയുണ്ടായിരിക്കണം. എഴുത്ത് അയച്ചും മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും, വരൂ വന്ന് മനസ്സിലാക്കൂ ഭഗവാൻ വന്നിരിക്കുകയാണ് എല്ലാ ആത്മാക്കളെയും കൊണ്ടുപോകാനായി. ആത്മാവ് സന്തോഷിക്കുന്നു – നാടകം പൂർത്തിയായി, ബാബ വന്നിരിക്കുകയാണ് എല്ലാവരെയും തിരികെ കൊണ്ടുപോകാനായി. പിന്നീട് നമ്മൾ സുഖധാമത്തിലേക്ക് വരും. അരക്കല്പം പൂജാരിയായി ബാബയെ ഓർമ്മിച്ചു. ഇപ്പോൾ പൂജ്യരായിത്തീരുകയാണ്. അതുകൊണ്ട് സന്തോഷം കൊണ്ട് തുള്ളിച്ചാടണം. സന്തോഷമില്ലാത്തതുകൊണ്ടാണ് കരഞ്ഞുകൊണ്ടിരിക്കുന്നത്. ആരാണോ കരയുന്നത്, അവർ എല്ലാം നഷ്ടപ്പെടുത്തുന്നു. ഇത്രയ്ക്കും സുഖം മാത്രം നൽകുന്ന ബാബയുടെ ഓർമ്മയിൽ സ്നേഹാശ്രുക്കൾ പൊഴിക്കുകയാണെങ്കിൽ അവ മാലയിലെ മുത്തായിത്തീരുന്നു. ബാബയുടെ ശ്രീമത്തിലൂടെ ശ്രേഷ്ഠമായിത്തീരുന്നു. ഈ ബാബയും പറയുന്നു ഓരോ ചുവടും ശിവബാബയുടെ ശ്രീമത്തിലൂടെ മുന്നോട്ടുപോകണമെന്ന്. ശ്രീമത്തു തന്നെയാണ് ശ്രേഷ്ഠമാക്കി മാറ്റുക. ഏറ്റവും ഉയർന്ന പഠിപ്പാണ്. തീർത്ഥയാത്രകളിൽ മനുഷ്യർ വരുമ്പോൾ ധാരാളം പരീക്ഷണങ്ങൾ നേരിടേണ്ടതായി വരുന്നു. ആദ്യമൊക്കെ കാൽനടയായി യാത്രചെയ്യുമായിരുന്നു. ഇപ്പോൾ ഗവൺമെന്റ് എല്ലാം തന്നെ സഹജമാക്കിമാറ്റി. അപ്പോൾ ബാബ മനസ്സിലാക്കി തരുന്നു ഓരോ ചുവടും ശ്രീമതമനുസരിച്ച് മുന്നോട്ടു പോകണം. സൂക്ഷിച്ചു മുന്നേറുകയാണെങ്കിൽ വൈകുണ്ഠം വരെയ്ക്ക് എത്തിച്ചേരാം അല്ലെങ്കിൽ തവിടുപൊടിയായിത്തീരും. ഓരോ ചുവടും അഭിപ്രായം നേടണം. എഴുത്തെഴുതേണ്ടതും ഇങ്ങനെയാണ് ശിവബാബയ്ക്ക് ബ്രഹ്മാവിലൂടെ അഥവാ ബ്രഹ്മാകുമാരിമാരിലൂടെ, അപ്പോൾ

ശിവബാബയെ ഓർമ്മ വരും. പക്ഷേ പല കുട്ടികളും എഴുതാൻ മറന്നു പോകുന്നു. ഒരു ദിവസം എല്ലാവരുടെയും ബുദ്ധിയുടെ പൂട്ട് തുറക്കണം. കുട്ടികൾക്ക് സേവനത്തിനോട് ഒരുപാട് താൽപര്യം ആവശ്യമാണ്. ധാരാളം സേവനം ചെയ്യണം. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. ചിലവെല്ലാം തന്നെ സ്വതവേ വന്നോളും. നിഷ്പ്രയാസം എല്ലാം മുന്നോട്ടുപോകും. ബാബ പറയുന്നു മൂന്നടി ലഭിക്കുക പോലും ബുദ്ധിമുട്ടായിരിക്കും. എന്നാലും നിങ്ങൾ കല്പം മുമ്പ് ഭാരതത്തെ സ്വർഗ്ഗമാക്കിയിട്ടുണ്ട്.

ശരി, വളരെയധികം മനസ്സിലാക്കിത്തരുന്നുണ്ട് പക്ഷേ ധാരണയും ഉണ്ടായിരിക്കണം. വളരെ കനത്ത ഭക്ഷണം കഴിക്കുന്നതിലൂടെ ദഹിക്കുകയില്ല. ചിത്രപ്രദർശിനിയിൽ ധാരാളം പേർ വരുന്നുണ്ടെങ്കിലും ഒരാൾക്കു പോലും ഈ നിശ്ചയം ഇല്ല ഇവരെ പഠിപ്പിക്കുന്ന ആൾ, രാജയോഗം പഠിപ്പിക്കുന്ന ആൾ ബാബയാണെന്ന്. ആദ്യം ഈ നിശ്ചയം ഇരുത്തണം. നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും ഇത് പ്രജാപിതാ ബ്രഹ്മാകുമാർ-കുമാരിമാരാണെന്ന്. രചയിതാവ് ഒരേയൊരു പരമപിതാവായ പരമാത്മാവാണെന്ന്. ബാബയിൽ നിന്നു തന്നെ സമ്പത്ത് നേടണം. അച്ഛന്റെ കുട്ടിയായി മാറാതെ സമ്പത്ത് ലഭിക്കുകയില്ല. ഭക്തർക്ക് ഫലം നൽകുന്നത് ബാബയാണ്. ഇത്രയ്ക്കും ബ്രഹ്മാകുമാർ-കുമാരിമാരുണ്ട്. പ്രജാപിതാവായ ബ്രഹ്മാവിനെയും രചയിതാവ് എന്ന് പറയുന്നുണ്ട്. ഇപ്പോൾ പുതിയ ലോകത്തിന്റെ രചനയാണ് ഉണ്ടാകുന്നത്. ഭഗവാനുവാച ഞാൻ നിങ്ങൾക്ക് രാജയോഗം പഠിപ്പിക്കുകയാണ്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ബാബയുടെ ഹൃദയസിംഹാസനത്തിൽ സ്ഥാനം ലഭിക്കണമെങ്കിൽ സേവനത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കണം. തീർച്ചയായും മഹാദാനിയായിത്തീരണം. ജ്ഞാനദാനം ചെയ്യുന്ന കാര്യത്തിൽ എന്തെങ്കിലും ചിലവുണ്ടാവുകയാണെങ്കിൽ അത് കുഴപ്പമില്ല.

2) പഠിപ്പ് ഉയർന്നതായതുകൊണ്ട് വളരെയധികം ശ്രദ്ധയോടെ മുന്നോട്ടു പോകണം. ഓരോ ചുവടും ശ്രീമതം നേടിക്കൊണ്ടിരിക്കണം.

## വരദാനം:- സ്നേഹത്തിന്റെ അഗ്നിയിൽ എല്ലാ ചിന്തകളേയും സമാപ്തമാക്കുന്ന നിശ്ചയബുദ്ധിയും നിശ്ചിന്തരുമായി ഭവിക്കൂ

ഏത് കുട്ടികളാണോ നിശ്ചയബുദ്ധികളായിട്ടുള്ളത് അവർ എല്ലാ കാര്യങ്ങളിലും നിശ്ചിന്തമായി കഴിയുന്നു. ചിന്തകളെല്ലാം ഇല്ലായി. ബാബ ചിന്തകളുടെ ചിതയിൽ നിന്ന് എടുത്ത് ഹൃദയ സിംഹാസനത്തിൽ ഇരുത്തി. ബാബയോടുള്ള സ്നേഹം വന്നു സ്നേഹത്തിന്റെ ആധാരത്തിൽ, സ്നേഹത്തിന്റെ അഗ്നിയിൽ എല്ലാ ചിന്തകളും സമാപ്തമായി, മുൻപ് ഉണ്ടായിരുന്നതേയില്ല അതുപോലെ സമാപ്താകും. ശരീരത്തിന്റെ ചിന്തയില്ല, മനസ്സിൽ ഒരു വ്യർത്ഥ ചിന്തയുമില്ല, ധനത്തിന്റെ ചിന്തയുമില്ല. എന്താകും.... ജ്ഞാനത്തിന്റെ ശക്തിയിലൂടെ എല്ലാം അറിഞ്ഞിരിക്കുന്നു അതുകൊണ്ട് എല്ലാ ചിന്തകളിൽ നിന്നും ഉപരി നിശ്ചിന്ത ജീവിതമായി.

## സ്ലോഗൻ:- ഇങ്ങനെ അചഞ്ചലവും സുദൃഢവുമാകൂ അതിലൂടെ ഒരു പ്രകാരത്തിലുള്ള സമസ്യക്കും ബുദ്ധിയാകുന്ന കാലിനെ ഇളക്കാൻ സാധിക്കരുത്.